**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **01-09-2022 - ൽ മറുപടിയ്ക്ക്**

**അംഗൻവാടികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അംഗൻവാടികളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അങ്കണവാടികളുടെ നവീകരണവുമായി ബന്ധപ്പെട്ട് അങ്കണവാടികളെ ശിശു സൗഹൃദ-ശിശു പരിപോഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അങ്കണവാടി കെട്ടിടത്തെയും പരിസരത്തെയും ഒന്നാകെ പരിവർത്തനപ്പെടുത്തി പഠനസാമഗ്രിയാക്കി മാറ്റുന്നതിനും അതിലൂടെ കുഞ്ഞുങ്ങളുടെ ബൗദ്ധികവികാസം ഉറപ്പ് വരുത്തുന്നതിനുമായി അങ്കണവാടി കെട്ടിടത്തിന്റെ അകത്തെയും പുറത്തെയും ചുമരുകൾ, ചിത്രങ്ങൾ, ജാമിതീയ രൂപങ്ങൾ, അക്കങ്ങൾ, അക്ഷരങ്ങൾ തുടങ്ങി വർണ്ണച്ചിത്രങ്ങൾ വരച്ച് ആകർഷകമാക്കുന്നതിനും കളിയുപകരണങ്ങൾ സ്ഥാപിച്ച് കളിമൂലകൾ സൃഷ്ടിച്ച് കൊണ്ട് കുഞ്ഞുങ്ങളിലെ ചാലകപേശിവികാസം ഉറപ്പ് വരുത്തുന്നതിനും ആകർഷകമായ നിറങ്ങളോട് കൂടിയ ഫർണിച്ചർ, ശിശു സൗഹൃദടോയ്‌ലെറ്റ്, വെർട്ടിക്കൽ ഗാർഡൻ, പച്ചക്കറിത്തോട്ടം, ആധുനിക സൗകര്യങ്ങളോട്ടുകൂടിയ അടുക്കള എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി 2021-22 സാമ്പത്തിക വർഷം ചായം പദ്ധതിയും, വിഭിന്നശേഷിയുള്ള കുട്ടികൾക്ക് ഐ.സി.ഡി.എസ് പദ്ധതി മുഖേന പ്രത്യേക പരിരക്ഷ നൽകുന്നതിനായി മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളതും വിഭിന്നശേഷിയുള്ള കുട്ടികൾക്ക് എത്തിച്ചേരാൻ യാത്രാസൗകര്യവുമുള്ള അങ്കണവാടികളെ തെരെഞ്ഞെടുത്ത് സവിശേഷ അങ്കണവാടികളാക്കി മാറ്റുന്നതിനും പ്രസ്തുത അങ്കണവാടികളിലെ വർക്കർമാർക്ക് പ്രത്യേക പരിശീലനവും കുട്ടികളുടെ മാനസിക ആരോഗ്യ പരിരക്ഷ സംബന്ധിച്ച് മാതാപിതാക്കൾക്ക് വിദഗ്ധർ മുഖേന കൗൺസിലിംഗ് നൽകുന്നതിനും ടി അങ്കണവാടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ |

| | | | |
|---|---|---|---|
| | | | എഡ്യൂക്കേറ്ററിന്റെ സേവനം ലഭ്യമാക്കുന്നതിനുമായി സ്പെഷ്യൽ അങ്കണവാടി പദ്ധതിയും നടപ്പിലാക്കി.<br><br>ചായം പദ്ധതി പ്രകാരം 258 അങ്കണവാടികൾക്ക് 2 ലക്ഷം രൂപ നിരക്കിൽ നവീകരണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകുകയും ആയതിൽ 256 അങ്കണവാടികളുടെ നവീകരണം പൂർത്തിയാക്കിയിട്ടുമുണ്ട്. സ്പെഷ്യൽ അങ്കണവാടി പദ്ധതി പ്രകാരം സംസ്ഥാനത്തെ 142 അങ്കണവാടികൾക്ക് barrier free accessibilityസൗകര്യം ഒരുക്കുന്നതിനും വിഭിന്നശേഷി സൗഹൃദമാക്കുന്നതിനുമായി ഒരു അങ്കണവാടിക്ക് 2 ലക്ഷം രൂപ നിരക്കിൽ നവീകരണം നടത്തുന്നതിന് ഭരണാനുമതി നൽകുകയും ആയതിൽ 84 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകുകയും 59 അങ്കണവാടികളുടെ നവീകരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 25 അങ്കണവാടികളുടെ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ 75 അങ്കണവാടികൾ ഒരു ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ 100 അങ്കണവാടികൾ ഒരു ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും 100 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 25 അങ്കണവാടികൾ ഒരു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ നിരക്കിൽ നവീകരണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകുകയും ടി 25 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കോട്ടയം ജില്ലയിൽ ചായം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര അംഗൻവാടികളാണ് നവീകരിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ? | (ബി) | (ബി) കോട്ടയം ജില്ലയിൽ 15 അങ്കണവാടികൾ ചായം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. അങ്കണവാടികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| ക്രമ നം | പ്രോജക്റ്റ് | പഞ്ചായത്ത് | സെന്റർ നം |
|---|---|---|---|
| 1 | ളാലം | കടനാട് | 21 |
| 2 | പാമ്പാടി | മീനടം | 103 |
| 3 | മാടപ്പള്ളി | തൃക്കൊടിത്താനം | 43 |
| 4 | മാടപ്പള്ളി അഡീഷണൽ | ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി | 102 |
| 5 | കാഞ്ഞിരപ്പള്ളി | എരുമേലി | 71 |
| 6 | കാഞ്ഞിരപ്പള്ളി അഡീഷണൽ | പാറത്തോട് | 30 |
| 7 | വൈക്കം | തലയാഴം | 133 |
| 8 | പള്ളം | അയക്കുന്നം | 14 |
| 9 | പള്ളം അഡീഷണൽ | കോട്ടയം മുനിസിപ്പാലിറ്റി | 75 |
| 10 | വാഴൂർ | കറുകച്ചാൽ | 132 |
| 11 | കടുത്തുരുത്തി | മുളക്കുളം | 68 |
| 12 | ഉഴവൂർ | മരങ്ങാട്ടുപള്ളി | 74 |
| 13 | ഏറ്റുമാനൂർ അഡീഷണൽ | ആർപ്പൂക്കര | 12 |
| 14 | ഈരാറ്റുപേട്ട | ഈരാറ്റുപേട്ട മുൻസിപ്പാലിറ്റി | 126 |
| 15 | ഏറ്റുമാനൂർ | അതിരമ്പുഴ | 81 |

സെക്ഷൻ ഓഫീസർ